ആരോഗ്യ കേരളം
DECEMBER 2023
follow us on /arogyakeralam https://arogyakeralam.gov.in

# നവജാതശിശുക്കൾക്ക് വീടുകളിലും ചികിത്സയും പരിചരണവും: മന്ത്രി വീണാ ജോർജ്

## നവജാത ശിശു സംരക്ഷണ വാരം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി നിർവഹിച്ചു



തിരുവനന്തപുരം: നവജാതശിശുക്കൾക്ക് വീടുകളിലും ചികിത്സയും പരിചരണവും ഉറപ്പാക്കാനായി സംസ്ഥാനത്ത് ഹോം ബെയ്സ്ഡ് കോമ്പ്രിഹെൻസീവ് ചൈൽഡ് കെയർ പദ്ധതി നടപ്പിലാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ പദ്ധതി വഴി സംസ്ഥാനത്തെ ആശാപ്രവർത്തകർ വീടുകളിലെത്തി ആദ്യ ആഴ്ച മുതൽ ഒന്നര വയസുവരെ എല്ലാ കുഞ്ഞുങ്ങളുടേയും ക്ഷേമം ഉറപ്പുവരുത്തുന്നു. പ്രതിരോധ കുത്തിവയ്പ്പുകൾ കുഞ്ഞിന്റെ വളർച്ച, അമ്മയുടെ ആരോഗ്യം, ക്ഷേമ പദ്ധതികൾ ആനുകൂല്യങ്ങൾ എന്നിവ ആശാപ്രവർത്തകർ ഉറപ്പുവരുത്തുമെന്നും മന്ത്രി വ്യക്തമാക്കി. നവജാതശിശു സംരക്ഷണ വാരാചരണം സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. കുഞ്ഞുങ്ങളുടെ ആരോഗ്യത്തിന്റെ കാര്യത്തിൽ ലോകരാജ്യങ്ങൾക്ക് മാതൃകയാണ് കേരളം. കേരളത്തിന്റെ ശിശു മരണനിരക്ക് 2021ൽ 6 ആയി ശിശുമരണ നിരക്ക് വീണ്ടും കുറച്ച് കൊണ്ടുവരാനാണ് കേരളം ശ്രമിക്കുന്നത്. നവജാതശിശു പരിചരണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. നിലവിൽ A കേരളത്തിൽ 24 എസ്.എൻ.സി.യു. പ്രവർത്തിക്കുന്നു. ഇത് കൂടാതെ 64 എൻ.ബി.എസ്.യു., 101 എൻ.ബി.സി.സി. എന്നിവ സർക്കാർ മേഖലയിൽ സജ്ജമാക്കിയിട്ടുണ്ട് അപൂർവരോഗങ്ങളുടെ ചികിത്സയ്ക്കായി എസ്.എ.ടി. ആശുപത്രിയെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തിയിട്ടുണ്ട്. നവജാത ശിശുക്കളുടെ മരണനിരക്ക് കുറയ്ക്കുന്നതിന് കേരളത്തിന്റെ അഭിമാന പദ്ധതികളിൽ ഒന്നായ ഹൃദ്യം പദ്ധതി വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

6600ഓളം കുഞ്ഞുങ്ങളേയാണ് ഇതിലൂടെ രക്ഷിക്കാനായത്. ജനിക്കുന്നതിൽ 92 ശതമാനം കുഞ്ഞുങ്ങളെയും പൂർണ ആരോഗ്യത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചു. നവജാത ശിശുക്കളുടെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനുമായി പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും നവജാത ശിശു സ്ക്രീനിംഗ് ആയ ശലഭം നടപ്പിലാക്കി വരുന്നു. നവജാതശിശു ഐ. സി.യു.വിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്ന കുഞ്ഞുങ്ങളുടെ തുടർപരിചരണം മെച്ചപ്പെടുത്താനുള്ള പ്രത്യേക കോൾ സംവിധാനത്തിന്റെ ഉദ്ഘാടനവും, എസ്. എ. ടി. ആശുപത്രിയിൽ നിന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സുഖം പ്രാപിച്ച 75 നവജാത ശിശുക്കളുടെ മാതാ പിതാക്കളുടെ സംഗമവും ഇതോടൊപ്പം നടന്നു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ, കൗൺസിലർ ഡി. ആർ. അനിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ആരോഗ്യവകുപ്പ് ഡയറക്ടർ കെ.ജെ. റീന, ഡെപ്യൂട്ടി ഡയക്ടർ ഡോ. സന്ദീപ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദുമോഹൻ, എസ്. എ. ടി. ആശുപത്രി സൂപ്രണ്ട് ഡോ. എസ്. ബിന്ദു, ജില്ലാ പ്രോഗ്രാം മാനേജർ ആശാ വിജയൻ, സ്റ്റേറ്റ് ന്യൂ ബോൺ റിസോഴ്സ് സെന്റർ നോഡൽ ഓഫീസർ രാധിക, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ യു.ആർ. രാഹുൽ, ആർ. സി. എച്ച്. ഓഫീസർ ഡോ.കൃഷ്ണവേണി, ഐ. എ. പി., എൻ. എൻ. എഫ്. പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.








**ആനാപ്പുഴ നഗരകുടുംബാരോഗ്യകേന്ദ്രത്തിന് സമീപം ഒരുക്കിയ ചായ പീടിക കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ.സുനിൽ കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു.**

തൃശ്ശൂർ: നഗര ആരോഗ്യ ദൗത്യത്തിന്റെ ബോധവത്ക്കരണ ക്യാമ്പയിനായ ചായപീടിക കൊടുങ്ങല്ലൂർ നഗരസഭ ആനാപ്പുഴ നഗര കുടുംബാരോഗ്യകേന്ദ്രത്തിൽ ആരംഭിച്ചു. ആശാപ്രവർത്തകരുടെ ശിങ്കാരിമേളം, ആരോഗ്യജീവനക്കാർ പങ്കെടുത്ത ഫ്ളാഷ് മോബ്, കൊടുങ്ങല്ലൂർ എം. എൽ. എ. അഡ്വ.സുനിൽ കുമാർ, കൊടുങ്ങല്ലൂർ നഗരസഭാ അദ്ധ്യക്ഷ ഗീത ടി.കെ എന്നിവർ ഒന്നിച്ചു ഫ്ളാഗ് ഓഫ് ചെയ്ത ആരോഗ്യത്തിലേക്കൊരു ചുവട് സായാഹ്ന കൂട്ടനടത്തം എന്നിവ ശ്രദ്ധയാകർഷിച്ചു.

ആനാപ്പുഴ നഗരകുടുംബാരോഗ്യകേന്ദ്രത്തിന് സമീപം ഒരുക്കിയ ചായ പീടിക കൊടുങ്ങല്ലൂർ എം. എൽ. എ. അഡ്വ.സുനിൽ കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. കൊടുങ്ങല്ലൂർ നഗരസഭാ അദ്ധ്യക്ഷ ഗീത ടി കെ അദ്ധ്യക്ഷയായി. ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ എ.സി പോൾ സ്വാഗതമേകി. വൈസ്ചെയർ പേഴ്സൺ അഡ്വ.വിഎസ് ദിന, കൗൺസിലർ സുനിൽ കുമാർ, ആരോഗ്യവകുപ്പിലേയും ദേശീയ ആരോഗ്യ ദൗത്യത്തിലേയും സംസ്ഥാന - ജില്ലാ ഉദ്യോഗസ്ഥർ സംസാരിച്ചു തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.ശ്രീദേവി ടി പി ചായ പീടികയിലെ പ്രകൃതിദത്ത രുചികളുടെ ഔഷധ സമ്പന്നതകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു.

ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.സജീവ്കുമാർ പി വിഷയാവതരണം നടത്തി.ആനാപ്പുഴ നഗരകുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.ഷഹീന ഫാത്തിമ കെ ടി നന്ദിയർപ്പിച്ചു. നിറങ്ങളുടെ വൈവിധ്യത്തിൽ തിളങ്ങിയ 5 പ്രകൃതിദത്ത ചായകൾ, ശംഖുപുഷ്പം ചായ, ചെമ്പരത്തിചായ, പുതിന ചായ, മസാല ചായ, ചുക്ക്ചായ എന്നിവയും പോഷകയിലയടയും രുചിക്കാൻ ആളുകളെത്തി. 24 പോഷകാഹാരങ്ങൾ നിറച്ച വഞ്ചി പോഷകവഞ്ചി ക്യാമ്പയിനിന്റെ മുഖ്യ ആകർഷണങ്ങളിൽ ഒന്നായി. ഐ.സി.ഡി.എസ് ,കുടുംബശ്രീ പ്രവർത്തകരാണ് വിഭവങ്ങൾ ഒരുക്കിയത്. കൊടുങ്ങല്ലൂർ ടി ബി യൂണിറ്റ് എസ്.ടി.എസ്. പിഞ്ചു & എസ്. ടി.എ .എസ്. വിമൽ, കുടുംബാരോഗ്യകേന്ദ്രം കാനശ്ശേരി ജെ. എച്ച്. ഐ. ബിഞ്ചു സി ജേക്കബ്ബ് എന്നിവർ നയിച്ച ആരോഗ്യസംഭാഷണം സൊറ പറച്ചിലിന്റെ വഴിയിലൂടെ ആരോഗ്യ സന്ദേശങ്ങൾ നൽകി. ടി. ബി. സംബന്ധിച്ച ലഘുലേഖകളും വിതരണം ചെയ്തു. ജീവജ്വാല അക്കാദമി ഓഫ് ആർട്സ് വേലൂർ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ ലഘുനാടകം അവതരിപ്പിച്ചു. 'കാക്കാം ആരോഗ്യം' സ്ക്രീനിങ്ങ് കോർണറിൽ 4 വിധത്തി ലുള്ള (ടി ബി, ജീവിതശൈലി രോഗങ്ങൾ, വിവ,ആർ,ബി.എസ്.കെ.) സ്ക്രീനിങ്ങും ബി.എം.ഐ.ചെക്കിങ്ങ് ഡയറ്റ് അഡ്വൈസ് എന്നിവ നടന്നു. വിവിധ ആരോഗ്യസന്ദേശങ്ങൾ നൽകുന്ന കളിയിലൂടെ കാര്യം - കളികളും ക്യാമ്പയിനിന്റെ ഭാഗമായി. ചങ്ങാതിക്കൂട്ടം - ആനാപ്പുഴ നിവാസികളുടെ വിവിധ ഗ്രൂപ്പുകൾ തിരുവാതിര, കൈ കൊട്ടികളി, വഞ്ചിപാട്ട് തുടങ്ങിയ കലാപരിപാടികൾ നിവാസികൾ അവതരിപ്പിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ചായ പീടികയിൽ ഒത്തുകൂടുന്നതിന്റെ ആശയത്തിൽ വിഭാവനം ചെയ്ത ക്യാമ്പയിൻ ബോധവത്ക്കരണത്തിന്റെ വ്യത്യസ്തമായ മുഖമായി. തൃശ്ശൂർ ദേശീയ നഗര ആരോഗ്യദൗത്യം, തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കൊടുങ്ങല്ലൂർ നഗരസഭ, ആനാപ്പുഴ നഗരകുടുംബാരോഗ്യകേന്ദ്രം, ഐ.സി.ഡി.എസ്. കുടുംബശ്രീ, ആനാപ്പുഴ നിവാസികൾ എന്നിവരുടെ കൂട്ടായ്മ ക്യാമ്പയിൻ വിജയകരമാക്കി.

# അപസ്മാരം ബാധിച്ച കുട്ടികൾക്കുള്ള സ്ക്രീനിങ് ക്യാമ്പിന് തുടക്കമായി



**മലപ്പുറം :** അപസ്മാരം ബാധിച്ച 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കായി നടത്തുന്ന സ്ക്രീനിംഗ് ക്യാമ്പിന് ജില്ലയിൽ തുടക്കമായി. ജില്ലാ ആരോഗ്യ വകുപ്പ്, ആരോഗ്യ കേരളം കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയുമായി സഹകരിച്ചാണ് ജില്ലയിലെ 15 ആരോഗ്യ ബ്ലോക്കുകളിലും സ്ക്രീനിംഗ് ക്യാമ്പും തുടർ ചികിത്സയും നൽകുന്നത്. ആദ്യ ക്യാമ്പ് നിലമ്പൂർ വീട്ടിക്കുത്ത് ജി.എ .പി സ്കൂളിൽ വെച്ച് നടത്തി. നവകേരളാ സദസ്സിന്റെ ഭാഗമായാണ് ക്യാമ്പും സംഘടിപ്പിച്ചത്.

നിലമ്പൂരിൽ നടന്ന ക്യാമ്പ് നഗരസഭ ചെയർമാൻ മാട്ടുമ്മ സലീം ഉദ്ഘാടനം ചെയ്തു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കക്കാടൻ റഹീം അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ടി.എൻ.അനൂപ് മുഖ്യപ്രഭാഷണം നടത്തി. ഡോ: ഷിനാസ് ബാബു, ഡോ.കെ.കെ.പ്രവീണ, ആസ്റ്റർ മിംസ് ആശുപത്രി ന്യൂറോ സർജൻ ഡോ.ശ്രീകുമാർ, വീട്ടിക്കുത്ത് സ്കൂൾ പ്രധാനാദ്ധ്യാപിക കെ.കെ.സ്റ്റെല്ല, നഗരസഭ കൗൺസിലർമാർ, ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.നിലമ്പൂർ നിയോജകമണ്ഡലത്തിലെയും ചുങ്കത്തറ ആരോഗ്യബ്ലോക്കിലെയും ഇത്തരം കുട്ടികളെ കണ്ടെത്തിയാണ് ക്യാമ്പിൽ പങ്കെടുപ്പിച്ചത്.മുഴുവൻ പേർക്കും സൗജന്യ സ്ക്രീനിംഗ്, നിർധനരായ കുട്ടികൾക്ക് സൗജന്യനിരക്കിൽ തുടർചികിത്സ, ആവശ്യമുള്ളവർക്ക് സൗജന്യനിരക്കിൽ ശസ്ത്രക്രിയ എന്നിവയാണ് ക്യാമ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ.96 പേര് ക്യാമ്പിൽ രജിസ്റ്റർ ചെയ്തു.

## എന്താണ് അപസ്മാരം?

വളരെ സാധാരണയായി കണ്ടുവരുന്ന ഒരു മസ്തിഷ്ക രോഗമാണ് അപസ്മാരം അഥവാ ചുഴലി (Epilepsy). മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും പഴക്കമേറിയ അസുഖങ്ങളിലൊന്ന് കൂടിയാണ് അപസ്മാരം. മസ്തിഷ്കത്തിലെ വൈദ്യുതതരംഗങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനമാണ് അപസ്മാര രോഗത്തിന്റെ കാരണം. അപസ്മാരത്തെ ഫോക്കൽ എന്നും ജനറലൈസ്ഡ് എന്നും തരംതിരിക്കാവുന്നതാണ്. മസ്തിഷ്കത്തിന്റെ ഏതു ഭാഗത്തുനിന്നാണ് ആരംഭിക്കുന്നത് എന്നതനുസരിച്ചാണ് രോഗലക്ഷണങ്ങൾ പ്രകടമാകുന്നത്.

## രോഗ നിർണയം

ശരിയായ രോഗ നിർണ്ണയമാണ് അപസ്മാര ചികിത്സയിലെ ഏറ്റവും നിർണായകമായ ഭാഗം. ഏതു സാഹചര്യത്തിലാണ് അപസ്മാരം ഉണ്ടാകുന്നത് ആ സാഹചര്യത്തെകുറിച്ചുള്ള കൃത്യമായ വിവരണം രോഗത്തെ കുറിച്ച് കൃത്യമായി മനസിലാക്കാൻ സഹായിക്കും.

## കരുതലോടെ

അപസ്മാര ബാധയുള്ളവരെ സാധാരണ സാമൂഹിക ജീവിതത്തിൽ നിന്നോ, ജോലിയിൽ നിന്നോ, പഠനത്തിൽ നിന്നോ മറ്റ് പ്രവർത്തനങ്ങളിൽ നിന്നോ മാറ്റിനിർത്തേണ്ടതില്ല. ജീവിതത്തിൽ കഴിവതും പ്രവർത്തനനിരതരായിരിക്കുക. എന്നാൽ ഇക്കൂട്ടർ ജീവിതത്തിൽ ചില ചിട്ടകൾ പാലിക്കേണ്ടത് ആവശ്യമാണ്. ആർബിഎസ്കെ പ്രോഗ്രാമിന്റെ ഭാഗമായാണ് ജില്ലയിൽ പദ്ധതി നടപ്പാക്കുന്നത്.

# പാട്ടിനൊത്ത് ചുവട് വെച്ച് ആരോഗ്യത്തിലേക്ക് :

## പ്രമേഹദിനത്തിൽ സൂംബ മത്സരം




ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ആരോഗ്യവകുപ്പ് ആരോഗ്യപ്രവർത്തകർക്കായി സംഘടിപ്പിച്ച സൂംബ മത്സരം

**കോട്ടയം:**ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ആരോഗ്യവകുപ്പ് ആരോഗ്യപ്രവർത്തകർക്കായി പുതിയ വ്യായാമ പ്രചരണ പരിപാടി സംഘടിപ്പിച്ചു. പാട്ടിനൊത്ത് ചുവട് വച്ച് ജില്ലയിലെ ആരോഗ്യപ്രവർത്തകർ സൂംബ മത്സരത്തിൽ സജീവമായി പങ്കെടുത്തു. ജില്ലയിലെ ആരോഗ്യപ്രവർത്തകരുടെ എല്ലാ യോഗങ്ങൾക്ക് മുമ്പും ഇനി സൂംബ ഡാൻസ് ഉണ്ടാകും. ആരോഗ്യത്തിനായി അല്പനേരം ചിലവഴിക്കാം എന്ന സന്ദേശം ഉയർത്തിയാണ് ലോകപ്രമേഹ ദിനത്തോടനുബന്ധിച്ച് ജില്ലയിലെ ആരോഗ്യപ്രവർത്തകർക്കിടയി സൂംബ ഡാൻസ് മത്സരം നടത്തിയത്.

ബ്ലോക്ക് തലത്തിൽ നിന്നായി 18 ടീമുകൾ പങ്കെടുത്ത പരിപാടിയിൽ ജീവനക്കാരുടെയും, പൊതുജനങ്ങളുടെയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി സൂംബ വിരുന്ന്. പ്രമേഹം പോലുള്ള രോഗങ്ങൾക്ക് പരിഹാരം കാണാൻ സൂംബ ഡാൻസ് പോലുള്ള വ്യായാമങ്ങൾക്ക് കഴിയും. ഒരു കൂട്ടം ആളുകൾ ചേർന്ന് മ്യൂസിക്കിന്റെ സഹായത്തോടെ താളം ചവിട്ടുമ്പോൾ തനിച്ച് വ്യായാമം ചെയ്യുന്നതിനെക്കാൾ ഊർജജവും, ഉത്സാഹവും ഉണ്ടാകുന്നതാണ് സൂംബ ഡാൻസിന്റെ പ്രത്യേകത. ഇത് മാനസികവും, ശാരീരികവുമായ ഉന്മേഷം നൽകും.

ജില്ലയിലെ ആരോഗ്യമേഖലയിലെ സബ്സെന്റർ ഉൾപ്പെടെയുള്ള തലങ്ങളിൽ സൂംബ ടീം സംഘടിപ്പിക്കുന്നതിനാണ് ജില്ലാ ആരോഗ്യവകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. അതിലൂടെ ഇത്തരം വ്യായാമരീതിയെ പൊതുജനങ്ങളിലേക്ക് എത്തിക്കുകയാണ് പരമപ്രധാന ലക്ഷ്യം. ജില്ലാതല മത്സരങ്ങളിൽ കാണക്കാരി പ്രാഥമികാരോഗ്യകേന്ദ്രം ഒന്നാം സ്ഥാനവും ആരോഗ്യകേരളം ജില്ലാ ഓഫീസ് രണ്ടും, ജനറൽ ആശുപത്രി ചങ്ങനാശ്ശേരി മൂന്നാം സ്ഥാനവും നേടി. മത്സരവിജയികൾക്ക് തോമസ് ചാഴിക്കാടൻ എം. പി സമ്മാനങ്ങൾ നൽകി.



# ശരണപാതയിൽ കരുതലോടെ ആരോഗ്യ വകുപ്പ്

ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തർക്ക് കരുതലായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സുസജ്ജമായ ആരോഗ്യ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. തീർത്ഥാടന കാലത്തിന് ദിവസങ്ങൾക്കു മുമ്പ് തന്നെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മണ്ഡല മകരവിളക്ക് ഉത്സവത്തിന് മുന്നോടിയായി ഒരുക്കങ്ങൾ പൂർത്തീകരിച്ചിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒ.പി അത്യാഹിത വിഭാഗം സേവനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. പമ്പ,നീലിമല,അപ്പാച്ചിമേട്,സന്നിധാനം എന്നീ സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും ഹൃദ്രോഗ വിദഗ്ധരുടെ സേവനം ലഭ്യമാണ്. ഇതുകൂടാതെ സന്നിധാനം, പമ്പ ആശുപത്രികളിൽ മൈനർ ഓപ്പറേഷൻ തിയേറ്ററുകൾ, നിലക്കൽ,പമ്പ,സന്നിധാനം ആശുപത്രികളിൽ ലാബ് സൗകര്യങ്ങൾ എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

കാനനപാതയിലും പ്രധാന തീർത്ഥാടന പാതയിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 19 അടിയന്തിര വൈദ്യസഹായ കേന്ദ്രങ്ങൾ, നീലിമല അപ്പാച്ചിമേട് എന്നിവിടങ്ങളിൽ കാർഡിയോളജി സെന്ററുകൾ, ചരൽ മേട്, കരിമല എന്നിവിടങ്ങളിൽ ഡിസ്പെൻസറികൾ, ആംബുലൻസ് മെഡിക്കൽ യൂണിറ്റ് സൗകര്യങ്ങൾ,കോന്നി മെഡിക്കൽ കോളേജിൽ പ്രത്യേക ശബരിമല വാർഡ് എന്നീ സൗകര്യങ്ങൾ തീർത്ഥാടകർക്കായി ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുണ്ട്.ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക് അടിയന്തര വൈദ്യ സഹായം ഒരുക്കാൻ കനിവ് 108ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽയൂണിറ്റുകൾ കൂടി വിന്യസിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റേയും കനിവ് 108ന്റേയും ആംബുലൻസുകൾക്ക് പുറമേയാണ് ഈ യൂണിറ്റുകൾ കൂടി സജ്ജമാക്കിയിരിക്കുന്നത്. ഇടുങ്ങിയ പാതകളിൽ സഞ്ചരിക്കാൻ കഴിയുന്ന ബൈക്ക് ഫീഡർ ആംബുലൻസ്, ദുർഘട പാതകളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന 4*4 റെസ്ക്യു വാൻ, ഐസിയു ആംബുലൻസ് എന്നിവയാണ് ശബരിമലയ്ക്കായി സജ്ജമാക്കിയത്. കനിവ് 108 ആംബുലൻസ് പദ്ധതിക്ക് കീഴിൽ പമ്പ ആശുപത്രി കേന്ദ്രമാക്കിയാണ് റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നത്. തീർത്ഥാടകർക്ക് വൈദ്യസഹായം വേണ്ട സാഹചര്യങ്ങളിൽ 108 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് ബന്ധപ്പെട്ടാൽ ഈ വാഹനങ്ങളുടെ സേവനം ലഭ്യമാകും. ഒരു രോഗിയെ കിടത്തികൊണ്ട് പോകാൻ കഴിയുന്ന തരത്തിൽ സജ്ജമാക്കിയ സൈഡ് കാറോടു കൂടിയതാണ് ബൈക്ക് ഫീഡർ ആംബുലൻസ്. രോഗികളെ പരിചരിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഒരു എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ ആയിരിക്കും ഈ വാഹനം നിയന്ത്രിക്കുന്നത്. ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ അടിയന്തിര വൈദ്യസഹായത്തിനായി 04735203232 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ് . . മണ്ഡല മകരവിളക്ക് കാലത്ത് ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് മികച്ച ആരോഗ്യസേവനങ്ങൾ ഒരുക്കുന്നതിനായി 24 മണിക്കൂറും ജാഗ്രതയോടെയാണ് ആരോഗ്യവകുപ്പ് പ്രവർത്തിക്കുന്നത്.

# കാർഡിയോളജി വിഭാഗത്തിലും കിടത്തിച്ചികിത്സ
## മെഡിക്കൽ കോളേജ് വികസന പാതയിൽ



**കൽപ്പറ്റ:** വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബിൽ നിന്നുള്ള ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗത്തിൽ രോഗികളെ പ്രവേശിപ്പിച്ച് കിടത്തിച്ചികിത്സ ആരംഭിച്ചു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഒരു അസോസിയേറ്റ് പ്രഫസറുടെയും ആരോഗ്യ വകുപ്പിൽ നിന്നും 2 ജൂനിയർ കൺസൾട്ടന്റുമാരുടെയും മെഡിസിൻ സ്പെഷ്യലിസ്റ്റ് സേവനം ഉപയോഗപ്പെടുത്തിയാണ് കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം. കാത്ത് ലാബിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള രണ്ടു കാർഡിയോളജി ഡോക്ടർമാരുടെ താത്ക്കാലിക സേവനവും ആരോഗ്യവകുപ്പിൽ നിന്ന് ഒരു മുഴുവൻ സമയ കാർഡിയോളജി ഡോക്ടറുടെ സേവനവും ഇതിന് പുറമേ ലഭ്യമാക്കിയിട്ടുണ്ട്. 8.23 കോടി ചെലവഴിച്ചാണ് കാത്ത് ലാബ് സജ്ജമാക്കിയത്. വയനാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് നടക്കുന്ന വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി നാഷണൽ മെഡിക്കൽ കമ്മീഷൻ അനുമതി ലഭ്യമാക്കാനാണ് പരിശ്രമിക്കുന്നതെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ കിടത്തിച്ചികിത്സ ഈ ആഴ്ച ആരംഭിക്കാൻ നടപടിയായി.40 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ച നേത്ര രോഗ ചികിത്സാവിഭാഗം പൊതു ജനങ്ങൾക്കായി തുറന്നു കൊടുത്തു 45 കോടിയുടെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് യാഥാർത്ഥ്യമാക്കി മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു 50 ലക്ഷം രൂപ ചെലവിൽ കാത്തിരിപ്പ് കേന്ദ്രം നിർമ്മിച്ചു. മോഡേൺ മോർച്ചറി കോംപ്ലക്സ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതായും മന്ത്രി വ്യക്തമാക്കി. 45 കിടക്കകളുള്ള പീഡിയാട്രിക് ഐസിയു പ്രവർത്തനസജ്ജമാക്കി 1.07 കോടി രൂപ ചെലവിൽ ഒ.പി.ഡി.നവീകരിച്ചു.1 കോടി ചെലവഴിച്ച് ലേബർറൂം സ്റ്റാൻഡേർഡൈസേഷൻ നടത്തി. ഡെന്റൽ ലാബ് ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചു. ആധുനിക സൗകര്യങ്ങളോടെ സ്പെഷ്യൽ ന്യൂബോൺ കെയറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി. രണ്ട് ഓക്സിജൻ പ്ലാന്റുകൾ, പവർ ലോൺട്രി, 15 ലക്ഷം രൂപ ചെലവഴിച്ചുള്ള ബയോമെഡിക്കൽ മാലിന്യശേഖരണ യൂണിറ്റ്, 10 ലക്ഷം ചെലവഴിച്ച ഭിന്നശേഷി സൗഹൃദ റാമ്പ് എന്നിവ സജ്ജമാക്കി. 10 ലക്ഷം രൂപ ചെലവിട്ട് ഐ.സി.യു.വും 20 ലക്ഷം രൂപ ചെലവിൽ കുട്ടികളുടെ ബ്ലോക്കും നവീകരിച്ചു. 46.12 ലക്ഷം രൂപ വിനിയോഗിച്ച് സെൻട്രൽ സ്റ്റോർ മെയിന്റനൻസ്, 1.23 കോടി രൂപ ചെലവഴിച്ച് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, 1 കോടിരൂപ ചെലവിൽ ഡയാലിസിസ് യൂണിറ്റ് മെയിന്റനൻസ് എന്നിവ നടത്തി. ജെറിയാട്രിക് വാർഡ് നിർമാണത്തിനായി 15 ലക്ഷം രൂപ അനുവദിച്ചു. 'കനിവ് ' 108 ആംബുലൻസ് സർവീസ് പ്രവർത്തനമാരംഭിച്ചു. പ്രസവാനന്തരം അമ്മയും കുഞ്ഞിനെയും സുരക്ഷിതമായി വീട്ടിലെത്തിക്കുന്നതിന് മാതൃയാനം പദ്ധതി ആരംഭിച്ചു. ആദ്യമായി പ്ലാസ്മ തെറാപ്പി തുടങ്ങി.മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. കോസ്മെറ്റിക് ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു. അത്യാധുനിക സൗകര്യങ്ങളോടെ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു. 10 മുതൽ 19 വരെ സെന്റർ 24 മണിക്കൂറും പ്രവർത്തന ക്ഷമമാക്കി. ജനറൽ സർജറി വിഭാഗം,അസ്ഥിരോഗ ചികിത്സാ വിഭാഗം, നേത്ര ശസ്ത്രക്രിയാ വിഭാഗം,പ്രസവ/സ്ത്രീരോഗ ചികിത്സാ വിഭാഗം, ദന്തരോഗ ചികിത്സാ വിഭാഗം,ശിശുരോഗ ചികിത്സാ വിഭാഗം എന്നീ സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്നു. നേത്രബാങ്ക് സജ്ജമാക്കി. ലഹരിമോചന ചികിത്സാ സംവിധാനമായ 'വിമുക്തി'യുമായി ബന്ധപ്പെട്ട് കിടത്തിച്ചികിത്സ ആരംഭിച്ചു.ഹീമോഫീലിയ,സിക്കിൾ സെൽ സെന്ററിന് 50 ലക്ഷം രൂപ വകയിരുത്തി. സിക്കിൾസെൽ രോഗികൾക്കായി ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയകൾ ഈ മാസം ആരംഭിക്കും. സിക്കിൾസെൽ രോഗികളുടെ ചികിത്സാർത്ഥം എച്ച്പിഎ സി മെഷീൻ (12 ലക്ഷം) പ്രവർത്തന സജ്ജമാക്കി.

സിക്കിൾസെൽ രോഗികൾക്കായി പ്രത്യേകം വാർഡ് സജ്ജീകരിച്ചു. ഈ മെഡിക്കൽ കോളേജ് പൂർണസജ്ജമാകുന്നതോടെ വയനാട് ജില്ലയിലേയും അയൽ ജില്ലയായ കണ്ണൂരിലേയും, കർണ്ണാടകത്തിലെ കുടക്, തമിഴ്നാട്ടിലെ ഗൂഡല്ലൂർ എന്നിവടങ്ങളിലേയും ജനങ്ങൾക്ക് ഏറെ സഹായകരമാകും.പ്രായമുള്ളവർക്കായി കൗമാര ആരോഗ്യ സൗഹൃദ കേന്ദ്രം പ്രവർത്തിക്കുന്നു. സി.ടി സ്കാൻ അടക്കമുള്ള അത്യാധുനിക സംവിധാനങ്ങളോടെ സ്കാനിങ്.

# ലിഗ്മെന്റ് പുന:സ്ഥാപിക്കുന്ന താക്കോൽ ദ്വാര ശസ്ത്രക്രിയ വിജയകരമാക്കി പാറശാല ആശുപത്രി



**തിരുവനന്തപുരം:** രോഗിയുടെ മുട്ടിലെ ലിഗ്മെന്റ് പുനസ്ഥാപിക്കുന്ന താക്കോൽ ദ്വാര ശസ്ത്രക്രിയ വിജയകരമാക്കി പാറശ്ശാല താലൂക്ക് ആശുപത്രി പൂർത്തിയാക്കി. ജില്ലയിലെ മെഡിക്കൽ കോളജിലും സ്വകാര്യ ആശുപത്രികളിലുമാണ് ഇത്തരം ശസ്ത്രക്രിയ നടത്തിയിരുന്നത്. ഇതര സർക്കാർ ആശുപത്രിയിൽ ആദ്യമായാണ് ഇത്തരം ഒരു ശസ്ത്രക്രിയ നടക്കുന്നത്. പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ അസ്ഥിരോഗ വിഭാഗം ഡോ.മണിയുടെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചത്. ചെറുവാരകോണം സ്വദേശി അനി (37) ആണ് ശസ്ത്രക്രിയക്ക് വിധേയനായത്. 2015 ഒരു അപകടത്തിൽ മുട്ടിന് പരിക്കേറ്റ അനിയ്ക്ക് നിരന്തരമായുള്ള മുട്ട് വേദനയും നടക്കാനുള്ള ബുദ്ധിമുട്ടും കാരണമാണ് ഡോക്ടറെ സമീപിച്ചത്. ഡോക്ടറിന്റെ നിർദ്ദേശപ്രകാരമാണ് മുട്ടിലെ ലിഗമെന്റ് പുന:സ്ഥാപിക്കുന്ന താക്കോൽ ദ്വാര ശാസ്ത്രക്രിയയ്ക്ക് വിധേയമായത്.സ്വകാര്യ ആശുപത്രികളിൽ നാലുലക്ഷം രൂപ ചെലവാകുന്ന ശസ്ത്രക്രിയ നടത്താൻ സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാലണ് അനി സർക്കാർ ആശുപത്രിയെ സമീപിച്ചത്. ഇത് മനസ്സിലാക്കിയ ഡോ.മണി പാറശ്ശാല താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ടായ ഡോ.നിതയെ കാര്യങ്ങൾ അറിയിച്ചു. തുടർന്ന് ഡോ. നിതയുടെ ഇടപെടലിൽ സൗജന്യമായാണ് ശസ്ത്രക്രിയ നടത്തിയത്. ഡോ.മണിയുടെ നേതൃത്വത്തിൽ ഡോ.അജോയ്, ഡോ. റൂഗസ്, അനസ്തേഷ്യ ഡോക്ടർ സന്ദീപ്, ടെക്നീഷ്യൻ അരുൺ.എസ്, നേഴ്സുമാരായ ബിന്ദു കുമാരി, വീണ, അനി , ശക്തി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചത്.

ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചതിന് പിന്നിൽ പ്രവർത്തിച്ച ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എസ്. കെ. ബെൻഡാർവിന്റെ നേതൃത്വത്തിൽ ആദരിച്ചു.

# വിളിച്ചാൽ വിളിപ്പുറത്തുണ്ട്; ഓട്ടോയുമായി ആശ

പാലക്കാട്: പല്ലശ്ശന കുടുംബാരോഗ്യകേന്ദ്രത്തിന് കീഴിൽ ഒന്നാം വാർഡിലെ ആശാപ്രവർത്തക കമലം ഉണ്ണികൃഷ്ണൻ രാവിലെ 7 മണി മുതൽ തന്നെ ഓട്ടത്തിലാണ്. ആശാപ്രവർത്തനത്തിന്റെ ചുമതലകൾക്കൊപ്പം ഉപജീവനത്തിനായി കഴിഞ്ഞ 10 വർഷത്തോളമായി ഓട്ടോറിക്ഷ ഓടിക്കുകയാണ് കമലം. 2014 ലാണ് വനിതകൾക്കുള്ള സർക്കാർ സഹായ പദ്ധതി പ്രകാരം കമലമടക്കം മൂന്നു വനിതകൾക്ക് ഓട്ടോ ലഭിക്കുന്നത്. അതിൽ പിന്നെ പല്ലാവൂർ ഓട്ടോ സ്റ്റാൻഡിൽ പതിവായി രാവിലെ 7 മണി മുതൽ ഓട്ടത്തിനുണ്ട്.



എങ്കിലും ആശാപ്രവർത്തനത്തിന്റെ ചുമതലകളിൽ തെല്ലും വിട്ടുവീഴ്ചയ്ക്കില്ല. മാതൃശിശു ആരോഗ്യം, പ്രതിരോധ കുത്തിവെപ്പ് സേവനങ്ങൾ, അവശ്യ സമയത്ത് പ്രഥമ ശുശ്രൂഷ നൽകൽ, സാന്ത്വന പരിചരണം, പകർച്ചവ്യാധി മുൻകരുതലുകളെക്കുറിച്ചുള്ള അവബോധം പകരുക തുടങ്ങിയ നിർണ്ണായക ഉത്തരവാദിത്തങ്ങളോടെ നിത്യേന തന്റെ പരിധിയിലെ എല്ലാ വിഭാഗം ജനങ്ങളുമായും ബന്ധം കാത്തുസൂക്ഷിക്കേണ്ടവരാണ് ജനകീയ ആരോഗ്യ സേനയായ ആശാ പ്രവർത്തകർ. ചുമതലകൾ കൃത്യമായി നിറവേറ്റുന്ന കാര്യത്തിൽ തികഞ്ഞ ആത്മവിശ്വാസത്തിലാണ് കമലം.

തിരക്കിട്ട ഓട്ടങ്ങൾ ഉണ്ടെങ്കിലും പതിവുള്ള ഗൃഹ സന്ദർശനങ്ങളിൽ മുടക്കം വരുത്താറില്ല. മൂന്ന് പെൺമക്കളാണ് കമലത്തിന്. കുട്ടികളുടെ വിദ്യാഭ്യാസവും മറ്റു ചിലവുകളും കൂലിപ്പണിക്ക് പോകുന്ന ഭർത്താവിന്റെ ചെറിയ വരുമാനത്തിൽ താളംതെറ്റി തുടങ്ങിയപ്പോഴാണ് കമലം ഓട്ടോ ഓടിച്ചു തുടങ്ങുന്നത്. പുരുഷമേധാവിത്വം ഉള്ള മേഖലയിൽ ഒരു പകർച്ചയും ഇല്ലാതെ പല്ലവൂർ സ്റ്റാൻഡിൽ നിന്നും ഓട്ടം തുടങ്ങി. ഇന്നിപ്പോൾ ഏതു പാതിരാത്രിക്കും നാട്ടുകാർക്ക് ഒരത്യാവശ്യം വന്നാൽ ഒരു വിളിയിൽ സ്ഥലത്തെത്തും.

കേരളത്തിന്റെ മികവാർന്ന ആരോഗ്യ മേഖലയിൽ സമാനതകളില്ലാത്ത പ്രവർത്തനം കാഴ്ചവയ്ക്കുന്ന ആശാ പ്രവർത്തകർ സ്ത്രീ മുന്നേറ്റത്തിന്റെ നേർസാക്ഷ്യം ആവുന്ന പുതിയ കാലത്ത് ലോക ആരോഗ്യ സംഘടനയുടെ അന്താരാഷ്ട്ര പുരസ്കാരം വരെ ആശാപ്രവർത്തകരെ തേടി എത്തി എന്നത് വിലമതിക്കാനാവാത്ത നേട്ടമാണ്.

# നിപ പ്രതിരോധത്തിന് കരുത്തുപകർന്ന് പുതിയ കേന്ദ്രം

കോഴിക്കോട്: നിപ പോലുള്ള പകർച്ചവ്യാധികൾ ജില്ലയിൽ ഇടവിട്ട് ആവർത്തിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വിവിധ വകുപ്പുകൾ ചേർന്ന് ഏകാരോഗ്യ പദ്ധതി കോഴിക്കോടും നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

ആരോഗ്യവകുപ്പിനൊപ്പം മൃഗ സംരക്ഷണ വകുപ്പ്, വനം വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകൾ സംയുക്തമായി നിപ റിസർച്ച് സെന്ററിൽ പ്രവർത്തിക്കും. മനുഷ്യരുടെ മാത്രമല്ല, മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം സംരക്ഷിക്കുകയും പകർച്ച വ്യാധികൾ പടരുന്നത് തടയുകയും ചെയ്യുകയാണ് ലക്ഷ്യം. ജന്തുജന്യ രോഗങ്ങൾക്ക് കാരണമാവുന്ന സംഭവങ്ങളുടെ നിരീക്ഷണം, രോഗങ്ങളിലേക്ക് നയിക്കുന്ന ഘടകങ്ങളെ നേരത്തേ കണ്ടെത്തൽ, ആവശ്യമനുസരിച്ചുള്ള പങ്കാളിത്ത ഇടപെടലുകൾ എന്നിവ ഇതിന്റെ ഭാഗമാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലാണ് പദ്ധതി നേരത്തേ നടപ്പാക്കിയത്. ലോകാരോഗ്യസംഘടന വിഭാവനം ചെയ്ത മൾട്ടി ഡിസിപ്ലിനറി സമീപനമാണ് വൺ ഹെൽത്ത്.

നിപയ്ക്കൊപ്പം വെസ്റ്റ് നൈൽ, ജാപ്പനീസ് എൻസെഫലൈറ്റിസ്, എലിപ്പനി, ബ്രൂസെല്ലോസിസ്, ജലജന്യ രോഗങ്ങൾ എന്നിവയാണ് ജില്ലയിൽ പൊതുജനാരോഗ്യത്തിന് ഭീഷണിയാവുന്നതെന്നാണ് വിലയിരുത്തൽ. മുൻവർഷങ്ങളിൽ പക്ഷിപ്പനിയും റിപ്പോർട്ടു ചെയ്തു. ഇത്തരമൊരു സാഹചര്യം പരിഗണിച്ചാണ് കോഴിക്കോട് ഏകാരോഗ്യ നിരീക്ഷണ യൂണിറ്റ് സ്ഥാപിക്കാൻ ആരോഗ്യവകുപ്പ് മുൻകൈയെടുത്തത്. തുടർച്ചയായി നിപ റിപ്പോർട്ടു ചെയ്യുന്ന സാഹചര്യമാണ് ഗൗരവമായി കണ്ടത്. 31 ലക്ഷത്തോളം ജനങ്ങളുള്ള ജില്ലയുടെ പാരിസ്ഥിതികവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ച് പുതുതായി വരുന്ന പകർച്ച വ്യാധികളിൽ 75 ശതമാനവും മൃഗജന്യമാണെന്ന കണ്ടെത്തലിനെ തുടർന്നാണ് ഇതു രൂപപ്പെടുത്തിയത്. പദ്ധതിക്കായി ജില്ലാതലത്തിലും തദ്ദേശ സ്ഥാപന തലത്തിലും വിവിധ കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൃഷി വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, ഫിഷറീസ് വകുപ്പ്, മെഡിക്കൽ കോളേജ് തുടങ്ങിയവരും പദ്ധതിയിൽ പങ്കാളികളാണ്.



കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു

# യുണിസെഫ് സഹകരണത്തോടെ ആരോഗ്യവകുപ്പിന്റെ ഇമ്മ്യൂണൈസേഷൻ ശില്പശാല

കോഴിക്കോട്: വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും പൊതുജനങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ എങ്ങനെ ഇമ്മ്യൂണൈസേഷൻ ഊർജ്ജിതപ്പെടുത്താം എന്നതിനെക്കുറിച്ചു ചർച്ച ചെയ്യുന്നതിനും പ്രായോഗിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും ആരോഗ്യവകുപ്പ് യുണിസെഫ് സഹകരണത്തോടെ ശില്പശാല സംഘടിപ്പിച്ചു.

നവംബർ 28 മുതൽ ഡിസംബർ 1 വരെ കോഴിക്കോട് വച്ച് നടന്ന ശില്പശാലയിൽ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ആരോഗ്യ പ്രവർത്തകർ പങ്കെടുത്തു.

മീസിൽസ് - റൂബെല്ല ഉൾപ്പെടെയുള്ള പല പകർച്ച വ്യാധികളെയും സമൂഹത്തിൽ നിന്ന് തുടച്ചുനീക്കണമെങ്കിൽ എല്ലാ കുട്ടികൾക്കും ഇമ്മ്യൂണൈസേഷൻ നൽകേണ്ടതായിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടു കൊണ്ട് വ്യക്തമായ ആസൂത്രണത്തോടെ ഇമ്മ്യൂണൈസേഷൻ യജ്ഞം പൂർത്തീകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ശില്പശാലയുടെ ഭാഗമായി നടന്നു.

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (കുടുംബക്ഷേമം) ഡോ. വി. മീനാക്ഷി പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കോഴിക്കോട് ഡി.എം.ഒ ഡോ .എൻ. രാജേന്ദ്രൻ, റിട്ട. ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. എ. എസ്. പ്രദീപ് കുമാർ, യൂണിസെഫ് പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# എല്ലാവർക്കും ഇടം
## ലിങ്ക് വർക്കർമാർക്ക് ഐഡി കാർഡുകൾ



കൊച്ചി : ആരോഗ്യസ്ഥാപനങ്ങൾ ക്വിയർ സൗഹൃദമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന ഇടം ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി തെരഞ്ഞെടുത്ത ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർക്കുള്ള ഐഡി കാർഡ് വിതരണവും, ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു.

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർ വിവിധങ്ങളായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇവർക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനും അതിനുതകുന്ന സൗകര്യങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനുമായി 6 ലിങ്ക് വർക്കർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിൽ ഇവരുടെ ഇടപെടൽ കാര്യക്ഷമമാക്കാനും സൗഹാർദ്ദമായ സാഹചര്യം ഒരുക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർക്കുള്ള തിരിച്ചറിയൽ കാർഡുകൾ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഐ.എ.എസ് വിതരണം ചെയ്തു. തൊഴിലിടങ്ങളിലും പൊതുവിടങ്ങളിലും ലിംഗപരമായ വിവേചനം ഇല്ലാതാക്കാനാവശ്യമായ നടപടികൾ ജില്ലയിൽ ശക്തമായി നടപ്പിലാക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. പരിപാടിയി അസിസ്റ്റന്റ് കളക്ടർ എം.എസ് മാധവിക്കുട്ടി ഐ.എ.എസ്, സ്റ്റേറ്റ്ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.വി ജിതേഷ്, ആരോഗ്യ കേരളം സോഷ്യ ഡെവലപ്മെന്റ് ഹെഡ് കെ എം സീന, സീനിയർ കസൾട്ടന്റ് - ബി സി സി കെ.പി. ശിനോഷ്, മെഡിക്കൽ ഓഫീസർ ഡോ. അഖിൽ സേവ്യർ മാനുവേൽ തുടങ്ങിയവർ പങ്കെടുത്തു.

# മഹാമാരികളെ കേരളം നേരിട്ടതെങ്ങനെ – ആരോഗ്യരംഗത്തെ അനുഭവ സദസ്സായി ആരോഗ്യകേരളം സെമിനാർ



കേരളീയം 2023 ന്റെ ഭാഗമായി ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാർ

കേരളീയം 2023 ന്റെ ഭാഗമായി ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. 'മഹാമാരികളെ കേരളം നേരിട്ട വിധം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ആരോഗ്യരംഗത്തെ വെല്ലുവിളികളുടെയും, അതിജീവനത്തിന്റെയും തുറന്ന പുസ്തകമായി മാറി. സെമിനാർ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

എം.എൽ.എ യും മുൻ ആരോഗ്യവകുപ്പ് മന്ത്രിയുമായ കെ.കെ.ശൈലജ ടീച്ചർ, ഗ്ലോബൽ ഹെൽത്ത് വിദഗ്ധൻ ഡോ.റിച്ചാർഡ് എ. ക്യാഷ്, എം എസ് സ്വാമിനാഥൻ റിസർച്ച് ഫൌണ്ടേഷൻ ചെയർപേഴ്സൺ ഡോ. സൗമ്യ സ്വാമിനാഥൻ, സി.എം.സി. വെല്ലൂർ ശിശുരോഗ വിദഗ്ധനും പൊതുജനാരോഗ്യ വിദഗ്ധനുമായ ഡോ. ജേക്കബ് ടി ജോൺ, സി.എം.സി. വെല്ലൂർ വൈറോളജിസ്റ്റ് ആയ ഡോ: പ്രിയ എബ്രഹാം, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുൻ അംഗവും കോവിഡ് വിദഗ്ധ സംഘം ചെയർപേഴ്സണുമായ ഡോ. ബി. ഇക്ബാൽ, ആരോഗ്യവകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ, ആരോഗ്യ വകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ തുടങ്ങി ആരോഗ്യ രംഗത്തെ വിദഗ്ധർ സെമിനാറിന്റെ ഭാഗമായി പ്രഭാഷണങ്ങൾ നടത്തി.

പ്രളയം,നിപ, കോവിഡ് തുടങ്ങിയ പകർച്ചവ്യാധികളെ നേരിട്ടു കൊണ്ട് ആരോഗ്യ രംഗം ഇന്നും രാജ്യത്ത് ഒന്നാമതായി തുടരുന്നത് സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, ആരോഗ്യസംവിധാനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് ആരോഗ്യവകുപ്പ് മന്ത്രി വ്യക്തമാക്കി. അതോടൊപ്പം സംസ്ഥാനത്തിന്റെ കർമ്മ പദ്ധതികളും, വാക്സിൻ പോളിസിയെപ്പറ്റിയും മന്ത്രി വിശദീകരിച്ചു.

ഒരു ജീവൻ പോലും നഷ്ടമാകില്ലെന്ന് ഉറപ്പിക്കാൻ കഴിയുന്ന തരത്തിലേക്ക് നമ്മുടെ പൊതുജനാരോഗ്യ സംവിധാനം മാറണമെന്നും കെ.കെ.ശൈലജ ടീച്ചർ വ്യക്തമാക്കി.കൊവിഡ് വെല്ലുവിളി ഉയർത്തിയ നാളുകളിൽ സ്വരക്ഷ പോലും നോക്കാതെ സേവനത്തിനിറങ്ങിയ കോവിഡ് ബ്രിഗേഡിലെ അർപ്പണബോധമുള്ള അംഗങ്ങളോടുള്ള നന്ദിയും അവർ രേഖപ്പെടുത്തി.

കേരളത്തിന്റെ പകർച്ചവ്യാധി നിയന്ത്രണ സംവിധാനത്തെ പ്രശംസിച്ച ഡോ.ക്യാഷ് ഇവിടുത്തെ ആരോഗ്യരംഗത്തോടുള്ള ജനങ്ങളുടെ വിശ്വാസം നിസ്തുലമാണെന്ന് വിശദീകരിച്ചു.തുല്യവും കാര്യക്ഷമവുമായ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിന് പൊതുജനാരോഗ്യ വിഭാഗത്തെ ശക്തിപ്പെടുത്തണമെന്ന് സൗമ്യ സ്വാമിനാഥൻ വ്യക്തമാക്കി. പൗരന്മാരുടെ ക്ഷേമത്തിനായി സമയബന്ധിതമായി തീരുമാനമെടുക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിച്ച സംസ്ഥാനത്തെ മാതൃകാപരമായ നേതൃത്വത്തെ ഡോ.ജേക്കബ് ടി.ജോൺ അഭിനന്ദിച്ചു. ഓരോ വ്യക്തിയുടെയും ശാരീരിക മാനസിക ക്ഷേമം ഉറപ്പാക്കുന്നതിനായി ശ്രദ്ധനൽകിയതിനെപ്പറ്റിയും മഹാമാരികാലത്ത് കുടുംബശ്രീ അംഗങ്ങൾ നല്കിയ വിലയേറിയ സംഭാവനകളെകുറിച്ചും ഡോ.പ്രിയ എബ്രഹാം പരാമർശിച്ചു. ആരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവമായ ഇടപെടലിനെ ഡോ.ബി.ഇക്ബാൽ പ്രശംസിച്ചു. ഭാവിയിൽ സംസ്ഥാനം നേരിടേണ്ടി വന്നേക്കാവുന്ന പകർച്ചവ്യാധികളെ പറ്റിയുള്ള കരുതലും തയ്യാറെടുപ്പും എങ്ങനെ വേണമെന്ന് ഓർമ്മിപ്പിക്കുന്നതായിരുന്നു രാജീവ് സദാനന്ദന്റെ പ്രഭാഷണം. ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതടക്കം മറ്റു സംസ്ഥാനങ്ങൾ പോലും മാതൃകയാക്കിയ കേരളം സ്വീകരിച്ച വിവിധ നടപടികളെപറ്റി ഡോ.രാജൻ എൻ.ഖോബ്രഗഡെ പരാമർശിച്ചു. ആരോഗ്യകേരളം സംസ്ഥാന മിഷൻ ഡയറക്ടർ കെ.ജീവൻ ബാബു ചടങ്ങിന് സ്വാഗതവും, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന ചടങ്ങിന് നന്ദിയും അറിയിച്ചു.

# 'പൊതുജനാരോഗ്യം' ചർച്ചചെയ്ത് കേരളീയം വേദിയിൽ സെമിനാർ

കേരളീയം 2023 ന്റെ ഭാഗമായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ 'പൊതുജനാരോഗ്യം' എന്ന വിഷയത്തിൽ സെമിനാർ നടത്തി. സെമിനാറിന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. മുൻ ആരോഗ്യ വകുപ്പ് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ, പബ്ലിക് ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. കെ. ശ്രീനാഥ് റെഡ്ഡി, ഗ്ലോബൽ സ്റ്റീയറിംഗ് കൗൺസിൽ ഓഫ് ദി പീപ്പിൾസ് ഹെൽത്ത് മൂവ്മെന്റ് മെമ്പർ ഡോ. ടി. സുന്ദരരാമൻ, യു.എസ്.എ. ജഫേഴ്സൺ മെഡിക്കൽ കോളേജിലെ ഡോ. എം.വി. പിള്ള, പാലിയം ഇന്ത്യ ഫൗണ്ടർ & ചെയർമാൻ ഡോ. എം.ആർ. രാജഗോപാൽ, ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ഹെൽത്ത്, ഹെൽത്തിയർ സൊസൈറ്റീസ് പ്രോഗ്രാം ഡയറക്ടർ ഡോ. ദേവകി നമ്പ്യാർ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി എമിറേറ്റ്സ് പ്രൊഫസർ, ഡോ. വി. രാമൻകുട്ടി, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. പി.കെ. ജമീല എന്നിവർ പാനലിസ്റ്റുകളായി. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. തോമസ് മാത്യു സെമിനാറിന്റെ മോഡറേറ്ററായിരുന്നു

പാവപ്പെട്ടവർക്ക് സമ്പൂർണ്ണ സൗജന്യചികിത്സ, 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യകിരണം പദ്ധതി, താലോലം പദ്ധതി, ജന്മനാലുള്ള ഹൃദയവൈകല്യമുള്ള കുട്ടികൾക്ക് ചികിത്സ ഉറപ്പാക്കുന്ന ഹൃദ്യം പദ്ധതി, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, സാന്ത്വന പരിചരണ പദ്ധതി, കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സയും പരിചരണവും ഉറപ്പാക്കുന്ന ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ പരിപാടി, വിവ കേരളം പദ്ധതി,ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ രോഗീ സൗഹൃദ സംവിധാനങ്ങൾ തുടങ്ങിയവ മന്ത്രി വിശദീകരിച്ചു.ആരോഗ്യ കുടുംബ

ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ് വിഷയാവതരണം നടത്തി.





ആരോഗ്യ സൂചികകളിലുള്ള നേട്ടങ്ങൾ നിലനിർത്തുന്നതിനൊപ്പം പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ പകർച്ചേതര വ്യാധികൾ ,മാനസികാരോഗ്യം, ആത്മഹത്യാ പ്രതിരോധം തുടങ്ങിയവയിൽ വിപുലമായ ബോധവത്കരണ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം,സ്പെഷ്യാലിറ്റി കേഡർ സംവിധാനം ഊർജ്ജിതമായി നടപ്പിലാക്കണം തുടങ്ങിയ നിർദ്ദേശങ്ങളാണ് ശ്രീമതി ടീച്ചർ വിഷയാവതരണത്തിൽ മുന്നോട്ട് വച്ചത്.

സമഗ്ര ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിലൂടെ ആരോഗ്യ സമത്വം ഉറപ്പാക്കാനാകണമെന്ന് ഡോ. ശ്രീനാഥ് റെഡ്ഡി പറഞ്ഞു. തടയാവുന്ന മരണങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുകയും ആവശ്യമായ വിശകലനം നടത്തേണ്ടതുമാണെന്ന് ഡോ. ടി. സുന്ദരരാമൻ അഭിപ്രായപ്പെട്ടു. ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലോക ബാങ്ക് നൽകുന്ന പിന്തുണ കാര്യക്ഷമമായി വിനിയോഗിക്കേണ്ടതാണെന്ന് ഡോ. എം. വി. പിള്ള നിർദേശിച്ചു. 2018 ലെ കേരള ആരോഗ്യനയം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഡോ. രാജഗോപാൽ പറഞ്ഞു. കുടുംബരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലൂടെ അസമത്വം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഡോ. ദേവകി നമ്പ്യാർ വിശദമാക്കി. ആരോഗ്യ രംഗത്തു ഉണ്ടാകാവുന്ന മാറ്റങ്ങളെ മുൻകൂട്ടി മനസ്സിലാക്കി സജ്ജമാകേണ്ടതാണെന്ന് ഡോ. വി. രാമൻകുട്ടിയും സൗജന്യ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്കാണ് കേരളം മുന്നേറുന്നതെന്ന് ഡോ. പി.കെ. ജമീലയും പറഞ്ഞു

സദസ്സിൽ നിന്നും ഉയർന്ന ചോദ്യങ്ങൾക്ക് പാനലിസ്റ്റുകൾ മറുപടി പറഞ്ഞു. തുടർന്ന് സെമിനാറിൽ വിദഗ്ധർ ഉന്നയിച്ച വിഷയങ്ങളും നിർദ്ദേശങ്ങളും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ക്രോഡീകരിച്ചു.

# 06 ആശുപത്രികൾക്ക് ദേശീയ അംഗീകാരം

സംസ്ഥാനത്തെ 6 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു. 2 ആശുപത്രികൾക്ക് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരവും 4 ആശുപത്രികൾക്ക് പുനർ അംഗീകാരവുമാണ് ലഭിച്ചത്. തൃശൂർ എഫ്.എച്ച്.സി. മാടവന 98% സ്കോറും കാസർഗോഡ് എഫ്.എച്ച്.സി. ബെള്ളൂർ 87% സ്കോറും നേടിയാണ് പുതുതായി അംഗീകാരം നേടിയത്. കൂടുതൽ ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

കോട്ടയം എഫ്.എച്ച്.സി. വെളിയന്നൂർ 86% സ്കോറും, മലപ്പുറം എഫ്.എച്ച്.സി. അമരമ്പലം 84% സ്കോറും, തൃശൂർ യു.പി.എച്ച്.സി. പോർക്കളേങ്ങാട് 92% സ്കോറും, കാസർഗോഡ് എഫ്.എച്ച്.സി. ചിറ്റാരിക്കൽ 87% സ്കോറും നേടി അംഗീകാരം നേടി.ഇതോടെ സംസ്ഥാനത്തെ 172 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 73 ആശുപത്രികൾ അംഗീകാരവും നേടിയെടുത്തു.

5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 115 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്. ഇതു കൂടാതെ 10 ആശുപത്രികൾ ദേശീയ ലക്ഷ്യ അംഗീകാരവും നേടിയിട്ടുണ്ട്.



## അഭിമുഖം



ഡോ. ശശിധരൻ

നവംബർ ആദ്യവാരം തലശ്ശേരി ജില്ലാ കോടതിയിൽ ന്യായാധിപർ ഉൾപ്പെടെയുള്ളവർക്ക് സിക്ക വൈറസ് ബാധ റിപ്പോർട്ട് ചെയ്തിരുന്നു. അന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രധാനിയായിരുന്ന തലശ്ശേരി ജനറൽ ആശുപത്രിയിലെ ഫിസിഷ്യനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ ഡോക്ടർ ശശിധരനുമായി നടത്തിയ അഭിമുഖം.

## സിക്ക ലക്ഷണം, ചികിത്സ

**എന്തൊക്കെയാണ് സിക്ക രോഗബാധയുടെ ലക്ഷണങ്ങൾ?** സിക്ക ഒരു വൈറസ് രോഗബാധയാണ്. മനുഷ്യരിലേക്ക് പകരുന്നത് ഈഡിസ് ഈജിപ്തി കൊതുകുകൾ കടിക്കുന്നത് വഴിയാണ്. പനി, തലവേദന, സന്ധി വേദന, ചെങ്കണ്ണ്, ശരീരത്തിൽ തിണർപ്പ്, ചൊറിച്ചിൽ , ക്ഷീണം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

**രോഗം മറ്റൊരാളിലേക്ക് എങ്ങനെ പകരുന്നു?** രോഗബാധിതനായ വ്യക്തിയിൽ നിന്നും രക്തം വലിച്ചെടുക്കുന്ന ഈഡിസ് ഈജിപ്തി കൊതുക് മറ്റൊരാളെ കടിക്കുന്നത് വഴി രോഗം പകരാം. ഗർഭിണിയിൽ നിന്നും ഗർഭസ്ഥ ശിശുവിലേക്ക് രോഗം പകരാം. ലൈംഗിക ബന്ധത്തിലൂടെ പകരാം. രോഗബാധിതനായ ഒരാളുടെ രക്തം ദാനം ചെയ്യുമ്പോഴും അപൂർവ്വമായി മാത്രം അവയവ ദാനത്തിലൂടെയും പകരാം.

**സിക്ക വൈറസ് ബാധയ്ക്ക് പ്രത്യേക ചികിത്സകൾ നിലവിലുണ്ടോ?** നമുക്കെല്ലാവർക്കുമറിയുന്നത് പോലെ വൈറസിനെ നശിപ്പിക്കാനായി മാത്രമുള്ള മരുന്നുകൾ ലഭ്യമല്ല. ലക്ഷണങ്ങൾക്കുള്ള ചികിത്സ മാത്രമാണ് ഇപ്പോൾ നൽകാൻ കഴിയുന്നത്. പനിക്കുള്ള മരുന്നുകൾ, ശരീര വേദന, സന്ധിവേദന എന്നിവയ്ക്ക് ചെറിയ തോതിലുള്ള വേദന സംഹാരികൾ എന്നിവയും നൽകും. വൈറസ് ശരീരത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ രണ്ട് മുതൽ എഴ് വരെ ദിവസം നല്ല രോഗ ലക്ഷണം ഉണ്ടാകും. ഈ സമയത്ത് പൂർണമായ വിശ്രമം ആവശ്യമാണ്. ധാരാളം വെള്ളം കുടിക്കുക. ശരീരത്തിൽ തിണർപ്പോ ചൊറിച്ചിലോ ഉണ്ടെങ്കിൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം ലേപനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**ഗർഭിണികൾക്ക് സിക്ക ബാധിച്ചാൽ ഗുരുതരമാകുമോ?**

പൊതുവേ, രോഗബാധിതർക്ക് ഗുരുതരാവസ്ഥ വരുവാൻ സാധ്യത തുലോം കുറവാണ്. അത് പോലെ വ്യാപനവും കുറവാണ്. എന്നിരുന്നാലും ഗർഭിണികൾ സിക്ക വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേതുണ്ട്. ഗർഭിണികളിൽ നിന്നും ഗർഭസ്ഥ ശിശുവിലേക്ക് രോഗം പകരാനും അതുവഴി ഗർഭസ്ഥ ശിശുവിന് ജനിതക വൈകല്യങ്ങൾ ഉണ്ടാകാനും സാധ്യത ഉണ്ട്. അതിനാൽ സിക്ക ബാധിച്ചാൽ ഉടൻ തന്നെ ഗൈനക്കോളജിസ്റ്റിനെ കാണുകയും ആവശ്യമായ തുടർ പരിശോധനകൾ നടത്തുകയും ചെയ്യേണ്ടതാണ്.

**കൊതുക് കടി ഏൽക്കാതിരിക്കാൻ എന്തൊക്കെ ചെയ്യണം?**

കൊതുക് വല ഉപയോഗിക്കുക. ശരീരത്തെ പരമാവധി കൈയും കാലും മൂടുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുക. കൊതുകിനെ അകറ്റാൻ ലേപനങ്ങൾ പുരട്ടാവുന്നതാണ്. ജനൽ , വാതിൽ എന്നിവയ്ക്ക് നെറ്റുകൾ ഉപയോഗിക്കാവുന്നതാണ്. ഇതിനേക്കാളൊക്കെ പ്രധാനം കൊതുകുകളുടെ പ്രജനനത്തിന് സഹായകരമായ സാഹചര്യങ്ങൾ ഒഴിവാക്കുക എന്നതാണ്. ശുദ്ധജലത്തിലാണ് ഈഡിസ് ഈജിപ്തി മുട്ടയിടുക. വളരെ കുറച്ച് വെള്ളം മതി. ചെറിയ നനവുണ്ടെങ്കിൽ തന്നെ ഈഡിസ് ഈജിപ്തിക്ക് വളരാൻ കഴിയും. വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങൾ സ്ഥിരമായി വൃത്തിയാക്കുക എന്നത് മാത്രമാണ് സിക്കയെ മാത്രമല്ല എല്ലാ കൊതുകുജന്യ രോഗങ്ങളെയും പ്രതിരോധിക്കാനുള്ള ഏറ്റവും എളുപ്പവഴി.

# വീണ്ടും ദേശീയ അംഗീകാരത്തിനായി ഉടുമ്പൻചോല കുടുംബാരോഗ്യകേന്ദ്രം

**ഇടുക്കി** : കുമളി- മൂന്നാർ സംസ്ഥാനപാതയിൽ ഉടുമ്പൻചോലയിൽ മലയാളികളും,തമിഴ് വംശജരും ,ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികളും, ആദിവാസികളും ഉൾപ്പെടുന്ന വലിയ ജനവിഭാഗത്തിന് ഗുണനിലവാരമുള്ള ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ഏക ആതുരാലയം. ഏകദേശം 84 ച.കി.മീ വിസ്താരത്തിൽ 25000 ത്തിനടുത്ത് ജനസംഖ്യയോടു കൂടി 14 വാർഡുകളിലായി കർഷകരും, കർഷക തൊഴിലാളികളും പാർക്കുന്ന ഇടുക്കി ജില്ലയിലെ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്.

1971ൽ സൗജന്യമായി ലഭിച്ച 32 സെന്റ് സ്ഥലവും ചെറിയ ഒരു കെട്ടിടവുമായി തുടക്കമിട്ട ആരോഗ്യസ്ഥാപനത്തിന് പിന്നീട് ഉടുമ്പൻചോല പഞ്ചായത്ത് 64 സെന്റ് സ്ഥലം വിട്ടു നൽകി. തുടർന്ന് 1980ൽ ഈ സ്ഥാപനം റൂറൽ ഡിസ്പെൻസറിയായി ഡോക്ടർ ഉൾപ്പെടെ 5 ജീവനക്കാരോടു കൂടി പ്രവർത്തനം വിപുലീകരിച്ചു.1988ൽ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൽ ഓഫീസിന്റെയും പൊതുജനാരോഗ്യ വിഭാഗത്തിന്റെയും സേവനം കൂടി ലഭ്യമായി. സർക്കാരിന്റെ നവകേരളം മിഷന്റെ ഭാഗമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ആരോഗ്യസ്ഥാപനം 2017ൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെടുകയും കെ.കെ ജയചന്ദ്രൻ എം.എൽ .എ യുടെ പ്രാദേശിക വികസന ഫണ്ടും നിലവിലെ സ്ഥലം എം.എൽ .എ എം.എം മണി അനുവദിച്ച 45 ലക്ഷം രൂപയും, ഉടുമ്പൻചോല പഞ്ചായത്ത് വിവിധ വർഷങ്ങളിലായി അനുവദിച്ച ഒരു കോടി മുപ്പത് ലക്ഷം രൂപ എൻ.എച്ച്.എം ൽ നിന്നും ലഭിച്ച 25 ലക്ഷം രൂപ എന്നിവയുടെ സഹായത്താൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയതോടൊപ്പം, അത്യാധുനിക ലാബോട്ടറി ആധുനിക രീതിയിലുള്ള ചികിൽസ സൗകര്യങ്ങൾ, കാത്തിരിപ്പുകേന്ദ്രം, കുടിവെള്ളം, ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരൻമാർക്കും സൗകര്യപ്രദമായ രീതിയിലുള്ള വൃത്തിയുള്ള ടോയ്ലറ്റുകൾ, നവീകരിച്ച ഫാർമസി, ഒബ്സർവേഷൻ റൂം, പ്രീ -ചെക്കപ്പ് സംവിധാനം എന്നിവയോടുകൂടി 2020 ജനുവരി 5 ന് കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു.

രാവിലെ 9 മുതൽ വൈകിട്ട് 6 വരെയുള്ള ഒ.പി. സൗകര്യം, വിവിധ ആശുപത്രി സേവനം ലഭ്യമാകുന്ന സ്ഥലങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിലുള്ള ലേ-ഔട്ടുകൾ, സൈൻ ബോർഡുകൾ, ഡിസ്പ്ലേ ബോർഡോഡുകൂടിയ ടോക്കൺ സംവിധാനം, ടെലിവിഷൻ, ഐഇസി കോർണർ,വിനോദ വിജ്ഞാനോപാധികൾ, രോഗികളുടെ പരിശോധന, ചികിൽസ തുടങ്ങിയ സമയങ്ങളിൽ സ്വകാര്യത ഉറപ്പുവരുത്തുന്ന പരിശോധനാ മുറികൾ, നിരീക്ഷണ മുറികൾ, കുട്ടികൾക്കുള്ള കുത്തിവയ്പു മുറി, കളിസ്ഥലം എന്നിവ ഈ ആശുപത്രിയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തിയിരിക്കുന്നു. ആശുപത്രിയും പരിസരവും ആകർഷകമാക്കുന്ന വിധത്തിലുള്ള ലാൻഡ് സ്കേപിംഗ്, പൂച്ചെടികൾ, ഔഷധ സസ്യത്തോട്ടം, കൃഷിഭവന്റെ സഹകരണത്തോടെ നിർമ്മിച്ച ശീതകാല പച്ചക്കറിത്തോട്ടം, ജീവനക്കാർക്കും, രോഗികൾക്കും ആവശ്യകമായ പാർക്കിംഗ് സൗകര്യം, ആംബുലൻസ് സംവിധാനം, തുമ്പൂർമൂഴി മോഡ മാലിന്യ സംസ്കരണ, മണ്ണിര കമ്പോസ്റ്റ്, ആധുനിക രീതിയിലുള്ള കോൺഫറൻസ് ഹാൾ, കഫറ്റേരിയ, വിശ്രമ മുറികൾ ഇവയൊക്കെ ഈ ആരോഗ്യസ്ഥാപനത്തെ ഇടുക്കി ജില്ലയിലെ തന്നെ മികച്ച ആരോഗ്യ പരിപാലന കേന്ദ്രമാക്കി തീർത്തിരിക്കുന്നു.

ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, വയോജന ക്ലിനിക്ക്, ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്ക്, കൗമാര ആരോഗ്യ ക്ലിനിക്ക്, മാതൃശിശു സംരക്ഷണ ക്ലിനിക്ക്, നേത്ര പരിശോധന, കുട്ടികളിലെ ജനന വൈകല്യങ്ങളും, ന്യൂനതകളും, ശൈശവ രോഗങ്ങളും ആരംഭത്തിൽ തന്നെ കണ്ടെത്തുന്നതിനുള്ള ക്യാമ്പുകൾ, ആർബി.എസ്.കെ, ആരോഗ്യകിരണം തുടങ്ങിയ പദ്ധതികളും പകർച്ചവ്യാധി നിയന്ത്രണപ്രതിരോധപ്രവർത്തനം വിവിധ ദേശീയ ആരോഗ്യപദ്ധതികളുടെ സേവനവും ഇവിടെ നിന്നും ലഭ്യമാകുന്നു.

ആരോഗ്യരംഗത്തെ സേവനങ്ങളുടെ മികവ് വർദ്ധന, അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ജനസൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട പൊതുജനാരോഗ്യ സംരക്ഷണം ഇവയെല്ലാം ഈ ആരോഗ്യസ്ഥാപനത്തെ ദേശീയ മികവിലേക്ക് ഉയർത്തുകയും കായകൽപ്പ അവാർഡ് ക്വാഷ് അക്രിഡിറ്റേഷൻ, എൻ.ക്യൂ.എ.എസ് അക്രിഡിറ്റേഷൻ എന്നിവ ലഭ്യമാകുകയും ചെയ്തു. എൻ.ക്യു.എ.എസ് അംഗീകാരം തുടർന്നും ലഭ്യമാക്കുന്നതിനുള്ള ദേശീയ പരിശോധന സ്ഥാപനത്തിൽ നടക്കുന്നു. തുടർന്നും കുടുതൽ നിലവാരത്തോടെ സേവനമേഖലയിൽ മുന്നോട്ടു പോകുന്നതിനും എൻ.ക്യു.എ.എസ് അംഗീകാരം ഒരു മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കാം.

## ഉടുമ്പൻചോല കുടുംബാരോഗ്യകേന്ദ്രം





# 'ആന്റിബയോട്ടിക് സാക്ഷര കേരളം' ലക്ഷ്യമിട്ട് എ.എം.ആർ. വാരാചരണം



നവംബർ 18 മുതൽ 24 വരെയാണ് ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ലോക ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ.) അവബോധ വാരാചരണം സംഘടിപ്പിച്ചു വരുന്നത്. ലോക എ.എം.ആർ. വാരാചരണത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും അവബോധ പരിപാടികൾ സംഘടിപ്പിച്ചു. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് അഥവാ രോഗത്തിന് കാരണമാകുന്ന, പ്രത്യേകിച്ച് ബാക്ടീരിയ മരുന്നുകളോട് പ്രതിരോധം തീർക്കുന്ന അവസ്ഥ ആഗോള ആരോഗ്യ ഭീഷണിയാണ്. ആന്റിബയോട്ടിക്കുകളുടെ അമിതവും അനാവശ്യവുമായ ഉപയോഗം തടയുന്നതിന് സംസ്ഥാന സർക്കാർ ശാസ്ത്രീയമായ കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. 'ആന്റിബയോട്ടിക് സാക്ഷര കേരളം' എന്നതാണ് നമ്മുടെ ലക്ഷ്യം.

ആന്റിബയോട്ടിക്കുകളുടെ അമിതവും അനാവശ്യവുമായ ഉപയോഗം തടയുക എന്നതാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായി സമൂഹത്തിലെ എല്ലാ മേഖലയിലുള്ള ആൾക്കാർക്കും ആന്റിബയോട്ടിക്കിനെ പറ്റിയുള്ള ശരിയായ അവബോധത്തിന് സംസ്ഥാനമൊട്ടാകെ നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതിന്റെ ഭാഗമായാണ് ഇന്ത്യയിൽ ആദ്യമായി ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും എ.എം.ആർ. കമ്മിറ്റികൾ രൂപീകരിച്ചതും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ കേരളത്തിൽ തുടങ്ങിയതും എ.എം.ആർ സർവെലൻസ് നെറ്റിൽ ഒട്ടേറെ ആശുപത്രികൾ ചേർന്നു കഴിഞ്ഞു. 2023 ഓഗസ്റ്റ് മാസത്തിലാണ് ബ്ലോക്ക്തല എ.എം.ആർ കമ്മിറ്റികളുടെ എസ്.ഒ.പി. സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കിയത്. രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലാണ് കക്കോടി കുടുംബാരോഗ്യ കേന്ദ്രം. 'പ്രിവന്റിങ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ടുഗതർ' എന്നതാണ് ഈ വർഷത്തെ തീം. ഏകലോകം ഏകാരോരോഗ്യം വിഷയത്തിലൂന്നി എ.എം.ആർ. അവബോധം ശക്തമാക്കാം.

**ആന്റിബയോട്ടിക് പ്രതിരോധത്തിനായി കരുതലോടെ നീങ്ങാം**

1. **മിക്ക അണുബാധകളും വൈറസ് മൂലമാണ് ഉണ്ടാകുന്നത്. അതിനാൽ ഇവയ്ക്കെതിരെ ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ല.**
2. **ഡോക്ടറുടെ നിർദ്ദേശാനുസരണം മാത്രമേ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാവൂ.**
3. **ഒരിക്കലും ആന്റിബയോട്ടിക്കുകൾ ആവശ്യപ്പെടുകയോ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വാങ്ങി കഴിക്കുകയോ ചെയ്യരുത്.**
4. **ചികിത്സ കഴിഞ്ഞു ശേഷിക്കുന്ന ആന്റിബയോട്ടിക്കുകൾ ഒരിക്കലും ഉപയോഗിക്കരുത്.**
5. **ശേഷിക്കുന്നതോ കാലഹരണപ്പെട്ടതോ ആയ ആന്റിബയോട്ടിക്കുകൾ കരയിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത്.**
6. **രോഗശമനം തോന്നിയാൽ പോലും ഡോക്ടർ നിർദേശിച്ച കാലയളവിലേക്ക് ആന്റിബയോട്ടിക് ചികിത്സ പൂർത്തിയാക്കണം.**
7. **ആന്റിബയോട്ടിക്കുകൾ ഒരിക്കലും മറ്റുള്ളവരുമായി പങ്കിടാൻ പാടില്ല.**
8. **അണുബാധ തടയുന്നതിന് പതിവായി കൈ കഴുകുക.**
9. **രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുക.**
10. **പ്രതിരോധ കുത്തിവയ്പുകൾ കാലാനുസൃതമായി എടുക്കുക.**

# ആരോഗ്യം ജീവനക്കാർക്കും; ഹെൽത്ത് ക്ലബ്ബിന് തുടക്കം



ജില്ലയിൽ പുതുതായി ആരംഭിച്ച ഹെൽത്ത് ക്ലബ്ബ് ഉദ്ഘാടനം ജില്ലാ കളക്ടർ നിർവഹിക്കുന്നു

**കൊല്ലം** : ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ആഭിമുഖ്യത്തിൽ ഹെൽത്ത് ക്ലബ് പ്രവർത്തനം ആരംഭിച്ചു. കൊല്ലം ജില്ലയിലെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ ഹെൽത്ത് ക്ലബ് പ്രവർത്തനം ആരംഭിച്ചു. മിഷൻ രീതിയിൽ പ്രവർത്തിക്കുന്ന ദേശീയ ആരോഗ്യ ദൗത്യം ജീവനക്കാരുടെ ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആണ് ഇങ്ങനൊരു സംരംഭത്തിന് തുടക്കം കുറിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ ആരോഗ്യകേരളം ജില്ലാ ഓഫീസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ക്ലബ് പിന്നീട് ജില്ലയിലാകെ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശം. ജില്ലയിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, പുകയില ഉപയോഗത്തിൽ നിന്നും മുക്തി നേടിയവരുടെ കൂട്ടായ്മകൾ കുടുംബ സംഗമങ്ങൾ എന്നിവിടങ്ങളിൽ പരിശീലനം നൽകും. പരിപാടിയുടെ ഉദ്ഘാടനം കൊല്ലം ജില്ലാ കളക്ടർ എൻ ദേവി ദാസ് ഐ എ എസ് നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ഡി വസന്തദാസ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ ഡോ. കെ ഷാജി മുഖ്യപ്രഭാഷണം നിർവഹിച്ചു. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ദേവ് കിരൺ, എൻ സി ഡി നോഡൽ ഓഫീസർ ഡോ. സാജൻ മാത്യൂസ് മുതലായവർ മുതലായവർ സംസാരിച്ചു. ഡോക്ടർസ് ഐ സി പാർക്ക് അക്കാദമി സ്ഥാപകൻ ഡോ. ഷിബു ഷംസുദീൻ ന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

# 26 ആഴ്ച, കുഞ്ഞിന് തൂക്കം 770 ഗ്രാം, സങ്കടയാത്രയിൽ കരുതലായവർക്ക് നന്ദി പറഞ്ഞു രേഷ്മ





രേഷ്മയും കുഞ്ഞും മന്ത്രി വീണാ ജോർജിനോടൊപ്പം

ഇരുപത്താറാമത്തെ ആഴ്ചയിൽ പ്രസവം,770 ഗ്രാം മാത്രം തൂക്കമുള്ള കുഞ്ഞ്. സങ്കീർണമായ പ്രസവത്തെ തുടർന്നുണ്ടായ വേദനകളിൽ കരുതലായ ആരോഗ്യ പ്രവർത്തകരെയും ആശുപത്രിയെയും വിതുമ്പലോടെ ഓർക്കുകയാണ് രേഷ്മ. നവജാത ശിശു സംരക്ഷണ വാരാചരണം സംസ്ഥാന ഉദ്ഘാടനത്തിന്റെ ഭാഗമായി നടത്തിയ നവജാത ശിശുക്കളുടെയും മാതാപിതാക്കളുടെയും സംഗമത്തിലാണ് രേഷ്മ നന്ദി പറയാൻ എത്തിയത്. മൂന്ന് ആശുപത്രികൾ കയ്യൊഴിഞ്ഞതിനു ശേഷമാണ് വട്ടിയൂർക്കാവ് സ്വദേശികളായ രേഷ്മയും ഭർത്താവ് രമേഷും തിരുവനന്തപുരം എസ്എടിയിൽ ചികിത്സയ്ക്കായി എത്തുന്നത്.

രേഷ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസ്ഥിതി വഷളാകുന്നത് അറിഞ്ഞ ഡോക്ടർമാർ 26 മത്തെ ആഴ്ചയിൽ തന്നെ സിസേറിയൻ നടത്തുകയായിരുന്നു. കാത്തിരുന്നു കിട്ടിയ കണ്മണിയെ കണ്ട രേഷ്മയ്ക്ക് സന്തോഷത്തോടൊപ്പം സങ്കടവും ആശങ്കയും ആയിരുന്നു. 'സ്വന്തം കുഞ്ഞിനെ ഇത്തരം അവസ്ഥയിൽ കാണുമ്പോൾ ഒരു അമ്മയ്ക്കും സഹിക്കാനാവില്ല. വേണ്ട ധൈര്യവും മാർഗ്ഗനിർദേശങ്ങളും നൽകി കരുത്തായത് എസ്.എ.ടി യിലെ ഡോക്ടർമാരും സ്റ്റാഫുകളുമാണ് 'നിറകണ്ണുകളോടെ രേഷ്മ പറഞ്ഞു'.

രണ്ടര മാസം വെന്റിലേറ്റർ സഹായത്തോടെയാണ് കുഞ്ഞ് കഴിഞ്ഞത്. അഞ്ചുമാസത്തെ ആശുപത്രി വാസത്തിനുശേഷമാണ് ആരോഗ്യവാനായ കുഞ്ഞുമായി രേഷ്മ വീട്ടിലേക്ക് തിരിച്ചുപോയത്. ഇപ്പോൾ എട്ടുമാസം പ്രായമുള്ള കുഞ്ഞിന് അഞ്ച് കിലോയായി തൂക്കവും വർദ്ധിച്ചു.

സങ്കീർണമായ പ്രസവത്തെ തുടർന്ന് മരുന്നിനും ചികിത്സയ്ക്കും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചു തകർന്നു പോകുമായിരുന്ന കുടുംബങ്ങൾക്ക് സർക്കാർ ആരോഗ്യസംവിധാനങ്ങൾ നൽകുന്ന ആശ്വാസം എത്രയാണെന്ന് രേഷ്മ വിവരിച്ചു.

സ്വന്തം കുടുംബം പോലെ പരിപാലിച്ച ഡോക്ടർമാർക്കൊപ്പം സന്തോഷ നിമിഷങ്ങൾ പങ്കിടാൻ 30 ഓളം മാതാപിതാക്കളാണ് കുഞ്ഞുങ്ങളുമായി സംഗമത്തിന് എത്തിയത്.

## പത്രാധിപ സമിതി




ചീഫ് എഡിറ്റർ
**മിർ മുഹമ്മദ് അലി ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി കൺസൾട്ടന്റ്,**
സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഹസി), തിരുവനന്തപുരം
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിഹസി), ഇടുക്കി
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഹസി), തൃശ്ശൂർ
**പ്രീത എം**
ജെ സി(ഡിഹസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഹസി), മലപ്പുറം
**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ്(ഡിഹസി), കോഴിക്കോട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഹസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഹസി), കാസർഗോഡ്
**വിനീഷ് സി ആർ**
കൺസൾട്ടന്റ്, കോട്ടയം
**വിനു എ**
കൺസൾട്ടന്റ്(ഡിഹസി), എറണാകുളം
**നിജിൽ**
ജെ സി(ഡിഹസി), വയനാട്
**അജിത് കുമാർ പി.എ**
ജെ സി(ഡിഹസി), പത്തനംതിട്ട
**അനൂജ് ഡി. ടി**
ജെ സി (ഇൻചാർജ്)(ഡിഹസി), കൊല്ലം
**ശ്രീദേവി കെ എസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്



# ആർദ്രം ആരോഗ്യം

## ആശുപത്രി സന്ദർശനം

പാലക്കാട്, കൊല്ലം, കോഴിക്കോട്,
കാസർഗോഡ് ജില്ലകളിലൂടെ

